"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ബി1/31/2023-ഗതാ.
ഗതാഗത(ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 06-06-2023

## പരിപത്രം

വിഷയം:- ഗതാഗത വകുപ്പ്- അനധികൃതമായി സർവ്വീസ് നടത്തുന്ന സ്വകാര്യ കോൺട്രാക്ട് ക്യാരേജ് സർവ്വീസുകൾക്കെതിരെ നടപടി സ്വീകരിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 16/07/2013-ലെ ജി.ഒ.(പി) നം.73/2013/ട്രാൻ. നമ്പരിലുള്ള നോട്ടിഫിക്കേഷൻ.

**********************

സൂചന സർക്കാർ ഉത്തരവ് പ്രകാരം ദീർഘദൂര സൂപ്പർക്ലാസ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യിൽ നിക്ഷിപ്തമാണ്. കേരളത്തിനുള്ളിൽ സർവ്വീസ് നടത്തുന്ന പല സ്വകാര്യ കോൺട്രാക്ട് ക്യാരേജ് പെർമിറ്റ് ബസ്സുകളും പെർമിറ്റ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് പ്രധാന റൂട്ടുകളിലും ദേശസാൽകൃത പാതകളിലും അനധികൃതമായി സ്റ്റേജ് ക്യാരേജ് സർവ്വീസുകളുടെ മാതൃകയിൽ യാത്രക്കാരിൽ നിന്ന് വെവ്വേറെ നിരക്കിലുള്ള ടിക്കറ്റ് ഏർപ്പെടുത്തിയും നവമാദ്ധ്യമങ്ങളിലൂടെയും മറ്റ് ഓൺലൈൻ സംവിധാനങ്ങളിലൂടെയും വ്യക്തിഗത ടിക്കറ്റ് നൽകിയും അനധികൃതമായി സർവ്വീസുകൾ നടത്തിവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അനധികൃത സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തെയും സൂപ്പർക്ലാസ് സർവ്വീസുകളെയും സാരമായി ബാധിക്കുന്നു. മാത്രമല്ല, ഉത്സവകാലങ്ങളിലും മറ്റും തിരക്കിനനുസരിച്ച് നിരക്ക് വർദ്ധനവ് വരുത്തി യാത്രക്കാരിൽ നിന്നും അമിത യാത്രാക്കൂലി ഈടാക്കി ചൂഷണം ചെയ്യുന്നുവെന്നും നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്.

2) ഇത്തരം സ്വകാര്യ കോൺട്രാക്ട് ക്യാരേജുകൾ നടത്തുന്ന അനധികൃത സർവ്വീസുകൾക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും മോട്ടോർ വാഹന ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത വിഷയത്തിൽ നിയമപരമായ നടപടി സ്വീകരിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ലഭിക്കുന്ന പരാതികൾ ഗൗരവമായി അന്വേഷിക്കുകയോ ഉചിതമായ തുടർനടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല.

3) സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി/റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ എടുക്കുന്ന തീരുമാനങ്ങളും നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനോടൊപ്പം നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ആത്യന്തികമായി നടപ്പിലാക്കേണ്ട ചുമതലയും ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരിൽ നിക്ഷിപ്തമാണ്. ആയതിനാൽ പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സർവ്വീസ് നടത്തുന്ന സ്വകാര്യ കോൺട്രാക്ട് ക്യാരേജ് സർവ്വീസുകൾ പരിശോധിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ലഭിക്കുന്ന/ലഭ്യമായിട്ടുള്ള പരാതികൾ സഗൗരവം ബന്ധപ്പെട്ട ആർ.ടി.ഒ-മാർ/മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ ഉടൻ പരിശോധിച്ച് നിയമലംഘനം കണ്ടെത്തുന്ന പക്ഷം സമയബന്ധിതമായി നിയമനടപടി സ്വീകരിക്കണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

ഈ വിഷയത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ഇത് സംബന്ധിച്ച് ഒരു റിവ്യൂ റിപ്പോർട്ട് ട്രാൻസ്പോർട്ട് കമ്മീഷണർ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

ബിജു പ്രഭാകർ
സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ആർ.ടി.ഒ മാർക്കും (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖാന്തരം)

എല്ലാ മേഖലാ ഡി.റ്റി.സി മാർക്കും (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖാന്തരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി